## പതിനാലാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2357** **12.06.2018-ൽ മറുപടിയ്ക്ക്**

### ചരക്ക് സേവന നികുതി

| ചോദ്യം<br>ശ്രീ.പാറക്കൽ അബ്ദുല്ല | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ചരക്ക് സേവന നികുതി നടപ്പാക്കിയ ശേഷം കേരളത്തിലെ നികുതി വരുമാനത്തിലുണ്ടായിട്ടുള്ള വർദ്ധനവ് സംസ്ഥാനം പ്രതീക്ഷിച്ചിരുന്നതിനെക്കാളും കറവാണോ ; | (എ) | ചരക്ക് സേവന നികുതി നടപ്പിലാക്കിയ ശേഷം കേരളത്തിലെ നികുതി വരുമാനം 2017 ആഗസ്റ്റ് മുതൽ 2018 മാർച്ച് വരെയുള്ള കണക്കനുസരിച്ച് 16 ശതമാനം വർദ്ധനവ് ആണ് ഉണ്ടായിട്ടുള്ളത്. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി വരുമാനം 25 ശതമാനം എങ്കിലും വർദ്ധിക്കും എന്നാണ് ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ കരുതിയിരുന്നത്. |
| (ബി) | എങ്കിൽ ഈ കുറവിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്നാണ് കരുതുന്നത്; | (ബി) | 01.07.2017 മുതൽ സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയെങ്കിലും, ജി.എസ്.ടി. സോഫ്റ്റ് വെയർ പൂർണ്ണമായും പ്രവർത്തനക്ഷമമാകാത്തതിനാൽ നിയമത്തിൽ അനുശാസിച്ചതുപോലെയുള്ള പൂർണ്ണമായ റിട്ടേൺ ഫയൽ ചെയ്യുന്നതിന് കാലതാമസം നേരിടുന്നു. കേരളത്തിൽ മൊത്തം വാറ്റ് നികുതി പിരിവിന്റെ 70 ശതമാനത്തോളം, 14.5 ശതമാനം നിരക്കിലുള്ള കമ്മോഡിറ്റികളിൽ നിന്നുമായിരുന്നു. ജി.എസ്.ടി. നടപ്പിലായപ്പോൾ റവന്യൂ ന്യൂട്രൽ റേറ്റ് 28 ശതമാനം ആയി നിശ്ചയിച്ച എങ്കിലും പിന്നീട് 18 ശതമാനമായി കുറച്ചു. ഇതിനെ തുടർന്ന് സംസ്ഥാനത്തിന് കിട്ടുന്ന നികുതി വിഹിതം 9 ശതമാനമായി കുറഞ്ഞു. കൂടാതെ അന്തർ സംസ്ഥാന ചരക്ക് കൈമാറ്റത്തിന് നൽകിയ ഐ.ജി.എസ്.ടി., എസ്.ജി.എസ്.ടി. അടയ്ക്കുന്നതിനായി അതിന്റെ ക്രെഡിറ്റ് ഉപയോഗിക്കുമ്പോൾ ആ ക്രെഡിറ്റ് പൂർണ്ണമായും സംസ്ഥാനത്തിന് അടുത്ത മാസം ലഭിക്കേണ്ടതാണ്. എന്നാൽ നികുതി റിട്ടേണിന്റെ മുഴുവൻ വിശദാംശങ്ങൾ ലഭിക്കുന്ന |

| | | | |
|---|---|---|---|
| | | | ജി.എസ്.ടി.എൻ. സോഫ്റ്റ് വെയർ പൂർണ്ണമായിട്ടില്ലാത്തതിനാൽ വിവരങ്ങൾ ലഭ്യമാകുന്നില്ല. ഇതും പ്രധാനമായും ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്. |
| (സി) | മുന്നൊരുക്കങ്ങളില്ലാതെ ചെക്പോസ്റ്റുകൾ ഇല്ലാതാക്കിയത് നികുതി വെട്ടിപ്പിന് കാരണമായെന്ന് കരുതുന്നുണ്ടോ ; | (സി) | ജി.എസ്.ടി. നടപ്പിലായതിനെ തുടർന്ന് ചെക്ക് പോസ്റ്റ് സമ്പ്രദായം നിർത്തലാക്കുകയുണ്ടായി. എന്നാൽ ജി.എസ്.ടി നടപ്പിലാകുന്ന മുറയ്ക്ക് രാജ്യത്തൊട്ടാകെയുള്ള ചരക്കുകളുടെ നീക്കം ഇ-വേ ബിൽ എന്ന ഓൺലൈൻ ഡിക്ലറേഷന്റെ അടിസ്ഥാനത്തിലായിരിക്കും എന്നായിരുന്നു ധാരണ. ഇത് നടപ്പിലാക്കുന്നതിനുണ്ടായ കാലതാമസം ചെക്ക് പോസ്റ്റ് നിർത്തലാക്കിയതിനെ തുടർന്ന് സംസ്ഥാനത്തിന്റെ നികുതി പിരിവിനെ സാരമായി ബാധിച്ചിട്ടുണ്ട്. ഇതിലുള്ള കടുത്ത ആശങ്ക കേരളത്തെപ്പോലുള്ള ഉപഭോക്തൃ സംസ്ഥാനങ്ങൾ ജി.എസ്.ടി. കൗൺസിലിൽ ശക്തമായി ഉന്നയിക്കുകയും അതിനെ തുടർന്ന് 01.04.2018 മുതൽ ഇന്ത്യയിലൊട്ടാകെ അന്തർ സംസ്ഥാന ചരക്ക് നീക്കത്തിന് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കി. ഇതിനെ തുടർന്ന് അന്തർ സംസ്ഥാന ചരക്ക നീക്കത്തിന്റെ കൃത്യമായ വിവരങ്ങൾ വിശദ പരിശോധനയ്ക്ക് വിധേയമാക്കാൻ സംസ്ഥാനങ്ങൾക്ക് കഴിയും. ഇത് ഒരു പരിധി വരെ ചെക്ക് പോസ്റ്റ് സമ്പ്രദായം അവസാനിപ്പിച്ചതിനെ തുടർന്ന് ഉണ്ടായിട്ടുള്ള നികുതി വെട്ടിപ്പിനെ ഇല്ലാതാക്കാൻ സഹായിക്കും. |
| (ഡി) | ചെക്പോസ്റ്റുകൾക്ക് പകരമുള്ള ഇ-വേ ബിൽ സമ്പ്രദായം കൂടുതൽ കാര്യക്ഷമമാക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) | ജി.എസ്.ടി. നിലവിൽ വന്നതിനെ തുടർന്ന ചെക്ക് പോസ്റ്റ് നിർത്തലാക്കപ്പെട്ടപ്പോൾ 01.07.2017 മുതൽ തന്നെ ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ GSTIN സോഫ്റ്റ് വെയർ പൂർത്തിയാകാത്തതിനാൽ 01.04.2018 മുതൽ ആണ് കേരളത്തിൽ ഇ-വേ ബിൽ സമ്പ്രദായം നിലവിൽ വന്നത്. സംസ്ഥാനത്തിനകത്തുള്ള ചരക്കു നീക്കത്തിന് ഉള്ള ഇ-വേ ബിൽ സമ്പ്രദായം 15.04.2018 മുതലാണ് നടപ്പിലാക്കിയത്. ഇത് നടപ്പിലാക്കിയിട്ട് ചുരുങ്ങിയ കാലയളവ് ആയിട്ടുള്ളതിനാൽ |

| | | | |
|---|---|---|---|
| | | | ഇതിന്റെ കാര്യക്ഷമതയെ പറ്റി വിലയിരുത്തുവാൻ ഉള്ള സമയം ആയിട്ടില്ല. ക്യാമറ സ്ഥാപിച്ച് ഇ-വേ ബിൽ വിവരങ്ങളുമായി തത്സമയം ഒത്തുനോക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പൈലറ്റ് അടിസ്ഥാനത്തിൽ ഇത് പാലക്കാടാണ് നടപ്പിലാക്കുക. പൈലറ്റ് അടിസ്ഥാനത്തിൽ ഇത് നടപ്പിലാകുന്നതോടുകൂടി അന്തർ സംസ്ഥാന വ്യാപാരങ്ങളിലുള്ള നികുതി വെട്ടിപ്പിനെ ഫലപ്രദമായി തടയുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇത് വിജയകരമായാൽ സംസ്ഥാനത്തെ മറ്റ് സ്ഥലങ്ങളിലും ഈ സമ്പ്രദായം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**